**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **13-01-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല മണ്ഡലമകരവിളക്ക് സീസൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചിരുന്നുവോ ; അത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | പ്രവേശിപ്പിച്ചിരുന്നു. ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത് കാരണം കോവിഡ് വ്യാപനം ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് വ്യാപനം തുടരുന്ന പശ്ചാത്തലത്തിൽ നടന്ന മണ്ഡല-മകര വിളക്ക് മഹോത്സവം എന്ന നിലയിൽ കോവിഡ് നിയന്ത്രണത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിരുന്നതെന്ന്അറിയിക്കുമോ; | (ബി) | ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രതിദിനം 1000പേർക്കും ശനി, ഞായർ ദിവസങ്ങളിൽ 2000 പേർക്കുമാണ് ആദ്യഘട്ടത്തിൽ ദർശനത്തിന് അനുമതിയുണ്ടായിരുന്നത്. തുടർന്ന് അത് 2000 പ്രതിദിനം ശനി, ഞായർ ദിവസങ്ങളിൽ 3000 പേർക്കുമായി ഉയർത്തുകയുണ്ടായി. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 5000പേരെ എല്ലാ ദിവസവും പ്രവേശിപ്പിച്ചു വരികയാണ്. ദർശനത്തിനെത്തുന്ന അയ്യപ്പ ഭക്തർക്കും ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും കോവിഡ് 19- നെഗറ്റീവ് സർട്ടിഫിക്കറ്റ് ബാധകമാക്കി, ജീവനക്കാർക്ക് മാസ്ക്ക് ,ഷീൽഡ് ,ഗ്ലൗസ് , സാനിറ്റൈസർ എന്നിവ നിർബന്ധമാണ്. അന്നദാനം കുടിവെള്ളം എന്നിവ ഡിസ്പോസിബിൾ പാത്രങ്ങളിലാക്കി. പമ്പാസ്നാനം ഒഴിവാക്കി ഷവർബാത്ത് സംവിധാനമൊരുക്കി. കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഭക്ത ജനങ്ങൾ ക്ഷേത്ര പുരോഹിതരെയും തന്ത്രിയേയും സന്ദർശിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.ക്ഷേത്രവും പരിസരവും ഇടവിട്ട സമയങ്ങളിൽ അണുവിമുക്തമാക്കുന്നുണ്ട്. ഇപ്പോൾ ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ ടെസ്റ്റാണ് ബാധകമാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ശബരിമലയിൽ പ്രതിദിന തീർത്ഥാടകരുടെ എണ്ണം അയ്യായിരമായി വർദ്ധിപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് ശബരിമലയിലെ നിയന്ത്രണങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഈ ഉത്തരവിനെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 5000പേരെ എല്ലാ ദിവസവും പ്രവേശിപ്പിച്ചു വരികയാണ്. ഇത് ശബരിമലയിലെ കോവിഡ് നിയന്ത്രണങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കണ്ട് ബഹു.സുപ്രീം കോടതിയിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സീസണിൽ സന്നിധാനത്ത് പോലീസുകാർ ഉൾപ്പെടെ എത്ര പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചതെന്ന് അറിയിക്കുമോ ; | (ഡി) | ഈ സീസണിൽ സന്നിധാനത്ത് 36,683 പേരെ പരിശോധിച്ചപ്പോൾ ആകെ 488 പേർ പോസിറ്റീവായിട്ടുണ്ട്. പരിശോധന നടത്തിയവരിൽ 30981 പേർ തീർത്ഥാടകരാണ്. ഇവരിൽ 102 പേർ പോസിറ്റീവായിട്ടുണ്ട്. മറ്റ് 5702 പേരെ ടെസ്റ്റ് ചെയ്തപ്പോൾ 386 പേർ പോസിറ്റീവായിട്ടുണ്ട് .ഇതിൽ 380 പേർ ഉദ്യോഗസ്ഥരും 6 തദ്ദേശീയരായിട്ടുള്ള ആളുകളും ഉൾപ്പെടുന്നു. |
| (ഇ) | ജനിതക മാറ്റം സംഭവിച്ച വൈറസിന്റെ വകഭേദം ഇന്ത്യയിലും എത്തി എന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടനം രോഗവ്യാപനത്തിന് ഇടയാക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ കൂടുതൽ മുൻകരുതലുകൾ സർക്കാർ/ദേവസ്വം ബോർഡ് കൈക്കൊള്ളുമോ? | (ഇ) | 2020ഡിസംബർ 30 -ാം തീയതി മുതൽ ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ ടെസ്റ്റ് ബാധകമാക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധം സംബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ